കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുളക്കുളം ഗ്രാമപഞ്ചായത്ത് - 2012-13 വാർഷിക പദ്ധതി - ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.865/13/തസ്വഭവ                    തിരുവനന്തപുരം, തീയതി: 30.03.2013.

പരാമർശം: 1. മുളക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.01.2013-ലെ കത്ത്.
2. 25.03.2013 തീയതിയിലെ 3.28-)o നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 6,75,000/- (ആറ് ലക്ഷത്തി എഴുപത്തയ്യായിരം) രൂപ ചെലവാക്കി ഒരു ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആംബുലൻസ് വാങ്ങി പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കൈമാറി, ഡ്രൈവറുടെ ശമ്പളം, വാഹനത്തിന്റെ മറ്റ് ആവർത്തന ചെലവുകൾ എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കണമെന്ന നിബന്ധനയോടെ 6,75,000/- (ആറു ലക്ഷത്തി എഴുപത്തയ്യായിരം) രൂപ ചെലവഴിച്ച് ഒരു ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

12